കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പേരയം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-4 -84/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം ജില്ല

തീയതി – 18/3/2019

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പേരയം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പേരയം ഗ്രാമ പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരയം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം

കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

<u>പകർപ്പ് :</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.കെ.എൽ.എം.പി4-84/19 തീയതി:18/3/2019

## കൊല്ലംജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 14.12.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.മാത്യൂ റോയി കെ.പി,<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.12.18 മുതൽ 31.12.18 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. മണിലാൽ വി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |

| | | |
|---|---|---|
| | ശ്രീ. മനു കെ നായർ | അസി.ഓഡിറ്റ് ഓഫീസർ. |
| | ശ്രീമതി. അമ്പിളി ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ബിന്ദു നായർ | ഓഡിറ്റർ |
| | ശ്രീമതി.അനു.കെ.ആനന്ദ് | |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. സ്റ്റാൻസിയേശുദാസൻ | 01.04.17മുതൽ 31.03.18 വരെ |
| സെക്രട്ടറി | ശ്രീമതി.ബീന കെ<br>ശ്രീമതി.ലൈലാമണി എം.എസ് | 01.04.17മുതൽ 02.07.17 വരെ<br>03.07.17 മുതൽ 14.11.17 വരെ |
| | ശ്രീ.പ്രമോദ് ആനന്ദ് സദാനന്ദൻ | 15.11.17മുതൽ 31.03.18 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ലക്ഷ്മി മോഹൻലാൽ | 01.04.17മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സീന | 01.04.17മുതൽ 31.03.18 വരെ |
| വെറ്റിനറി സർജൻ | ഡോ.അഞ്ജു എബ്രഹാം | 01.04.17മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | ശ്രീമതി.ശാന്ത | 01.04.17മുതൽ 31.03.18 വരെ |
| വി.ഇ.ഒ | ശ്രീ.സുമേഷ് | 01.04.17മുതൽ 31.03.18 വരെ |
| | ശ്രീമതി.ഷീബ എസ് | 01.04.17മുതൽ 31.03.18 വരെ |

| | | |
|---|---|---|
| എച്ച്.എം | ശ്രീമതി.രാജുക്കുട്ടി | 01.04.17മുതൽ<br>31.03.18 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.അശ്വിൻ | 01.04.17മുതൽ<br>31.03.18 വരെ |
| മെഡിക്കൽ ഓഫീസർ<br>ആയുർവേദം | ഡോ.മിനി ജയദേവ് | 01.04.17മുതൽ<br>31.03.18 വരെ |
| മെഡിക്കൽ ഓഫീസർ<br>ഹോമിയോ | ഡോ.പിങ്കി | 01.04.17മുതൽ<br>31.03.18 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സനൽ കുമാർ | 01.04.17മുതൽ<br>31.03.18 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി സോഫ്ജി ഭദ്രൻ | 01.04.17മുതൽ<br>31.03.18 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ഫണ്ട് വിനിയോഗം നിർവ്വഹണത്തിലെ വീഴ്ചമൂലം പദ്ധതിപ്പണം വലിയ തോതിൽ നഷ്ടപ്പെടുന്നു. | 2-1 |
| 14 | അക്ഷയകേന്ദ്രം വാടക ഈടാക്കിയില്ല | 2-2 |
| 15 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2-3 |
| 16 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | 2-4 |
| 17 | പി കെ ജെ എം പബ്ലിക് സ്കൂൾ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചില്ല | 2-5 |
| 18 | ജി എസ് റ്റി ഈടാക്കിയില്ല | 2-6 |
| | ഭാഗം 3 | |
| 19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ - | 3-1 |

| | | |
|---|---|---|
| | അധികം തുക ചെലവഴിച്ചു | |
| 20 | കിണർ റീചാർജ്ജിംഗ് അനുവദനീയമായതിനേക്കാൾ കൂടുതൽ തുക നൽകി | 3-2 |
| 21 | മരുന്ന് ലഭ്യമാക്കാത്തത് സംബന്ധിച്ച് | 3-3 |
| 22 | കുടിവെള്ള പൈപ്പ് ലൈൻ നാളിതു വരെ പണി പൂർത്തീകരിച്ചില്ല | 3-4 |
| 23 | മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രോജക്ട് നടപ്പാക്കി | 3-5 |
| 24 | ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ- തുക വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 3-6 |
| 25 | പ്രോജക്ട് റിവൈസ് ചെയ്യാതെ ടെണ്ടർ നടപടി ക്രമം മാറ്റി | 3-7 |
| 26 | പഞ്ചായത്ത് ഭൂമി കൈയ്യേറി - തുടർ നടപടികൾ എടുത്തില്ല | 3-8 |
| 27 | ഗാർഹിക കുടിവെള്ള കണക്ഷൻ - അധികം തുക നൽകി | 3-9 |
| 28 | പത്താംതരം തുല്യത – രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല 55,350/-രൂപ തടസ്സം | 3-10 |
| 29 | തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3-11 |
| 30 | രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-12 |
| 31 | അവധിയിലിരിക്കുന്ന അംഗത്തിന് ഹോണറേറിയം നൽകി - തുക നിരാകരിക്കുന്നു | 3-13 |
| 32 | എസ് എൽ ഐ പ്രീമിയം ഒടുക്കുന്നത് സംബ. | 3-14 |
| | ഭാഗം 4 | |
| 33 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 36 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 37 | സ്ഥിര നിക്ഷേപം | 4-5 |

| | | |
|---|---|---|
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 40 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 43 | അനുബന്ധം -1, ഓഡിറ്റ് സാക്ഷ്യപത്രം 2017-18 | 1 |
| 44 | അനുബന്ധം -2 | 2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

23.03.17 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 07.03.18 തീയതിയിലെ II(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 16.05.2018 | | |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 13.06.18 മുതൽ 14.06.18 വരെ | കെ.എസ്.എ.കെ.എൽ.എം. പി4/1143/18 തീയതി 27.06.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 58,61,026 |
| വരവ് | 5,35,96,425 |

| | |
|---|---|
| ആകെ | 5,94,57,451 |
| ചെലവ് | 5,42,80,873 |
| നീക്കിയിരിപ്പ് | 51,76,578 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 11789000 | 11789000 | 10248693 | 1540307 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 2224641 | 2224641 | 2052882 | 171759 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 173930 | 173930 | ഇല്ല | 173930 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 13414000 | 13414000 | 12913890 | 500110 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2615000 | 2615000 | 1119154 | 1495846 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 5536375 | 5536375 | 4969376 | 566999 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 2834853 | 2834853 | 2543989 | 290864 |
| സാക്ഷരത | | 1782 | 210 | 1992 | 0 | 1992 |
| ദുരിതാശ്വാസനിധി | | 7748 | 263 | 8011 | 2000 | 6011 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 10068488 | 10068488 | 10068488 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 27242 | 742248 | 769490 | 766703 | 2787 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | സമ്പൂർണ്ണശുചിത്വം | 737845 | 477303 | 1215148 | 488817 | 726331 |
| | എസ്.ജി.ആർ.വൈ | 28974 | 1062 | 30036 | 30036 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ഒ.എ.പി | 35905 | 1319 | 37224 | 37224 | 0 |
| | സുനാമി | 54727 | 2012 | 56739 | 56739 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 3484500 | 3484500 | 2427716 | 1056784 |
| | ജില്ലാ പഞ്ചായത്ത് | 0 | 299000 | 299000 | 299000 | 0 |
| ബി ഫണ്ട് | തൊഴിൽരഹിത വേതനം | 0 | 60240 | 60240 | 60240 | 0 |
| | വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 0 | 150000 | 150000 | 150000 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3444513 | 7163945 | 10608458 | 7463743 | 3144715 |
| | ട്രഷറി അക്കൗണ്ട് | 1258777 | 7271075 | 8529852 | 8347612 | 182240 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 145 | 5,61,62,472 | 92 | 3,75,17,265 | 42 | 11 | 63.45 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)ഹോമിയോ ഡിസ്പെൻസറി മെയിന്റനൻസ്.

2)പൊതുകിണർ മെയിന്റനൻസ്.

3)പൊതുകിണറുകൾ മെയിന്റനൻസ്.

4)പേരയം മാർക്കറ്റിൽ കുഴൽ കിണർ നിർമ്മാണം.

5)കൊല്ലിടഴികം അയ്യൻകാവിൽ കായൽവാരം വരെ റോഡ് കോൺക്രീറ്റിംഗ്.

6)വാഴവിള ജംഗ്ഷൻ പെന്തകോസ്ത് പള്ളി റോഡ് പുനരുദ്ധാരണം.

7)വാഹനം സൂക്ഷിപ്പ് കേന്ദ്രത്തിന് ഗ്രില്ല് നിർമ്മാണം.

8)പഞ്ചായത്ത് ഓഫീസ് നവീകരണം.

9)പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ഡയസ്.

10)ഐ.സി.ഡി.പി സെന്ററിന് സ്ഥലം വാങ്ങൽ.

11)ഖരമാലിന്യ നിർമ്മാർജനം.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 27,242 | 7,42,248 | 7,69,490 | 7,66,703 | 2,787 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,00,68,488 | 1,00,68,488 | 1,00,68,488 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 60,240 | 105 |
| കർഷകതൊഴിലാളി പെൻഷൻ | 6,09,400 | 221 |
| വിധവാപെൻഷൻ | 79,18,400 | 2854 |
| വാർദ്ധക്യകാലപെൻഷൻ | 1,59,85,100 | 5197 |
| വികലാംഗപെൻഷൻ | 30,35,100 | 964 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 1,50,000 | 5 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 3,36,200 | 29 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.12.18 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 373/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1.ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

2.ബജറ്റ് സംവിധാനത്തിലൂടെ വരവ് ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

3.വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.
4.സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.
5.സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു

സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

6.ഡി.സി.ബി. പത്രികയിലെ വിവരങ്ങൾ ബന്ധപ്പെട്ട ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല.

7.ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റെവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.

8.സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.12.18 | 2018 നവംബർ | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.02.18 മുതൽ 10.02.18 വരെ | 2012-13 മുതൽ 2016-17 വരെ | 28.03.18 |

## 1-12 വാർഷികകണക്കുളിലെ അപാകതകൾ

ഖണ്ഡിക 1-3-ലെ സാക്ഷ്യപത്രത്തിൽ ചൂണ്ടിക്കാണിച്ച അപാകതകളിൽ പരിഹരിക്കാൻ അവശേഷിക്കുന്നവ ചുവടെ ചേർക്കുന്നു;

1.Property Tax (Residential)-current ഇനത്തിൽ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് 1,27,655/-രൂപയാണ്. എന്നാൽ വാർഷിക കണക്കപ്രകാരം ടി തുക 1,07,621/-രൂപയാണ്.

2.Property Tax (Non-Residential)-current, ഇനത്തിൽ സാംഖ്യ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് 1,07,805/-രൂപയാണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം ടി തുക 60,762/- രൂപയാണ്.

3.Property Tax (Residential),Property Tax (Non-Residential) എന്നിവയുടെ കുടിശ്ശിക സംബന്ധിച്ച് സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

4.തൻവർഷത്തെ കുടിശ്ശിക തുകകൾക്ക് കേരളാപഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(4 എച്ച്) പ്രകാരം പ്രൊവിഷൻ തുക ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല (ഷെഡ്യൂൾ I-16).

5.സംയുക്ത പ്രോജക്ടുകൾക്കുള്ള ബ്ലോക്ക് വിഹിതത്തിൽ തൻവർഷം 10,85,437/- രൂപ നീക്കിയിരിപ്പുണ്ട് (ഷെഡ്യൂൾ-B4) . എന്നാൽ ബന്ധപ്പെട്ട ട്രഷറി

അക്കൗണ്ടിലെ നീക്കിയിരിപ്പ് 10,56,784/-രൂപയാണ്.വ്യത്യാസം 28,653/-രൂപ.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഫണ്ട് വിനിയോഗം -നിർവ്വഹണത്തിലെ വീഴ്ചമൂലം പദ്ധതിപ്പണം വലിയ തോതിൽ നഷ്ടപ്പെടുന്നു.

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച വാർഷിക പദ്ധതി പ്രകാരം ലഭിച്ച വിവിധ ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിൽ വീഴ്ച വന്നതുമൂലം 47,39,815/-രൂപയുടെ പദ്ധതിപ്പണം തൻവർഷം ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് | ചെലവഴിച്ച തുക | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെപ്പോയ തുക |
|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം | 11789000 | 10248693 | 86.93 | 1540307 |
| വികസനഫണ്ട് (എസ്.സി.പി.) | 2224641 | 2052882 | 92.28 | 171759 |
| വികസനഫണ്ട്(ടി.എസ്.പി.) | 173930 | ---- | --- | 173930 |
| സംരക്ഷണ ഗ്രാന്റ് | 16029000 | 14033044 | 87.55 | 1995956 |
| 13-)o ധനകാര്യ കമ്മീഷൻ | 5536375 | 4969376 | 89.76 | 566999 |
| ലോകബാങ്ക് സഹായം | 2834853 | 2543989 | 89.74 | 290864 |
| ആകെ | 38587799 | 33847984 | 87.72 | 4739815 |

തൻവർഷം അംഗീകാരം ലഭിച്ച ഖരമാലിന്യ നിർമാർജനം, പേരയം മാർക്കറ്റിൽ കുഴൽകിണർ നിർമ്മാണം, ഐ.സി.ഡി.പി. സെന്ററിന് സ്ഥലം വാങ്ങൽ തുടങ്ങി 11 പ്രോജക്റ്റുകൾ നടപ്പാക്കാതെ ഉപേക്ഷിക്കുകയുണ്ടായി. മത്സ്യബന്ധന മേഖലയ്ക്ക് പ്രാധാന്യമുള്ള ഗ്രാമപഞ്ചായത്തിൽ മത്സ്യസഭ കൂടുകയോ മത്സ്യബന്ധനം, മത്സ്യസംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കുകയോ ചെയ്തിട്ടില്ല. തൻവർഷം ഈ മേഖലയിലെ പ്രവർത്തനം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മേശയും കസേരയും വിതരണം ചെയ്യുന്നതിൽ മാത്രം പരിമിതപ്പെടുകയാണുണ്ടായത്. ക്ഷീരമേഖലയിലും പാലിന് സബ്സിഡി നൽകൽ ഒഴിച്ചാൽ മറ്റ് പ്രോജക്റ്റുകൾ വിഭാവനം ചെയ്ത് അംഗീകാരം നേടിയിട്ടില്ല. സംരക്ഷണ ഗ്രാന്റിനത്തിൽ ലഭിച്ച തുകയുടെ വിനിയോഗത്തിലും തൻവർഷം ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. ടി.എസ്.പി. വിഭാഗത്തിനായി ലഭിച്ചഫണ്ട് ചെലവഴിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനും ഉല്പാദന, സേവനമേഖലയുടെ വളർച്ചയ്ക്കും ലഭ്യമായ തുകയാണ് ഉപയോഗപ്പെടുത്താതിരുന്നത്. നടപ്പിൽ വരുത്തുവാൻ കഴിയുന്ന പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ കഴിയാതിരുന്നതിനാലാണ് ഗ്രാമപഞ്ചായത്തിന് മേൽ സൂചിപ്പിച്ച പ്രകാരം പദ്ധതിപ്പണം തൻവർഷം ഉപയോഗപ്പെടുത്താൻ കഴിയാതെ പോയത്. കൂട്ടായ പ്രവർത്തനത്തിലൂടെ പരമാവധി ധനവിനിയോഗം ഉറപ്പ് വരുത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 അക്ഷയകേന്ദ്രം - വാടക ഈടാക്കിയില്ല

പഞ്ചായത്ത് ഓഫീസിൽ വി.ഇ.ഒയുടെ ഓഫീസിന് സമീപമുള്ള കെട്ടിടം 18.7.17 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ V(13) –ാം നമ്പർ തീരുമാന പ്രകാരം അക്ഷയകേന്ദ്രം പ്രവർത്തിക്കുന്നതിന് വേണ്ടി നൽകാൻ തീരുമാനിച്ചു. 18.07.17 മുതൽ കെട്ടിടം അക്ഷയകേന്ദ്രത്തിന് അനുവദിച്ചുവെങ്കിലും 12.01.18 തീയതിയിലെ കമ്മിറ്റി l(9) നമ്പർ തീരുമാനപ്രകാരം 01.08.17 മുതൽ 1,000/- രൂപ വാടകയും 5000/- രൂപ ഡെപ്പോസിറ്റും ഈടാക്കാൻ തീരുമാനിച്ചു. ടി കേന്ദ്രം ശരിയായി പ്രവർത്തനം തുടങ്ങിയത് 01.01.18 മുതലാണെന്നും ആയതിനാൽ വാടക ജനുവരി മുതലാക്കണമെന്നും ഡെപ്പോസിറ്റ് ഒഴിവാക്കണമെന്നും ഉടമസ്ഥ ശ്രീമതി.പുഷ്പം ജോർജ്ജ് അപേക്ഷിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 20.02.18 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ vi(4) നമ്പർ തീരുമാനപ്രകാരം 2017 ഒക്ടോബർ 1 മുതൽ 1000/- രൂപ പ്രതിമാസ വാടകയും 3,000/- രൂപ ഡെപ്പോസിറ്റും ഈടാക്കാൻ തീരുമാനിച്ചു. എന്നാൽ ടി വാടക ഒടുക്കുവരുത്താത്തതിനെ തുടർന്ന് 27.03.18 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ ll(9) നമ്പർ തീരുമാനപ്രകാരം ടി കെട്ടിടം ഒഴിഞ്ഞു നൽകാൻ കത്ത് നൽകി. എന്നാൽ ടിയാൾ എഗ്രിമെന്റ് വച്ച് ഡെപ്പോസിറ്റ് ഒടുക്കുകയോ വാടക ഒടുക്കുകയോ ചെയ്തിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. 2017 ഒക്ടോബർ മുതൽ മാർച്ച് 2018 വരെയുള്ള വാടക 6,000/- രൂപ പലിശ സഹിതം ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കെട്ടിട വാടകയ്ക്ക് നൽകാൻ തീരുമാനിച്ച ആദ്യ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കേണ്ട സെക്രട്ടറി എഗ്രിമെന്റ് പാലിക്കുകയോ തുക ഈടാക്കുകയോ ചെയ്യാതെ വീഴ്ച വരുത്തിയതിന് വിശദീകരണം വാങ്ങി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റന്വേഷണം നം.16/31.12.18

## 2-3 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1)ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പി.കെ.ജെ.എം.യു.പി.എസ്സിലെ ജീവനക്കാരിൽ നിന്ന് 2017-18 സാമ്പത്തികവർഷത്തിൽ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2)പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന എൻ..എസ്.എസ് ആർട്ട്സ് & സയൻസ് കോളേജിലെ ജീവനക്കാരുടെ തൊഴിൽനികുതി നിർണ്ണയസ്റ്റേറ്റ്മെൻറ് വസ്തുതാപരമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അദ്ധ്യാപകരുടെ പ്രതിമാസശമ്പളം 3,000/-, 4,000/-, 4,500/-, 5,000/- രൂപയായി കാണിച്ചിരിക്കുന്നു. ഉത്സവബത്തയിനത്തിലുള്ള വരവ് സമർപ്പിച്ചിട്ടുമില്ല. മിനിമം വേജസ്സ് ആക്ട് പരിധിയിലുള്ള ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി നിർണ്ണയ സ്റ്റേറ്റ്മെൻറുകൾ അംഗീകരിക്കാതിരിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ചട്ടങ്ങൾ 1996ചട്ടം 10 ഉപചട്ടം 3 പ്രകാരം നടപടികളെടുത്തിട്ടില്ല.

3)2017-18 സാമ്പത്തിക വർഷം കുമ്പളം സർവ്വീസ് സഹകരണബാങ്കിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് പരാമർശങ്ങൾക്ക് സെക്രട്ടറിയിൽ നിന്നും വിശദീകരണം വാങ്ങുകയും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയതിന്റെ വിശദാംശങ്ങൾ ആദ്യമറുപടിയോടൊപ്പംതന്നെ അയച്ചുതരേണ്ടതാണ്. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റന്വേഷണം നം.3/27.12.18

## 2-4 വസ്തു നികുതി ഈടാക്കിയതിൽ കുറവ്

2017-18 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ പരിധിയിലുള്ള പി കെ ജെ എം പബ്ലിക് സ്കൂളിന്റെ 775.4 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടം ക്രമവത്ക്കരിച്ച് VII/608 എന്ന നമ്പർ നൽകിയിട്ടുണ്ട്. ടി കെട്ടിടം മുളവന – കൈതക്കോട് റോഡിന് അഭിമുഖമായിട്ടാണ് സ്ഥിതിചെയ്യുന്നത്. സ.ഉ(എം.എസ്) നം.358/15,തീയതി, 16.12.15, 114/18.ത.സ്വ.ഭ.വ, തീയതി -27.4.2015, പ്രകാരം അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള ഇളവുകളും / വർദ്ധനവും എന്ന ഭാഗത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതിയിന്മേൽ 20% വർദ്ധനവ് നൽകേണ്ടതാണ്. എന്നാൽ വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതിയിന്മേൽ നൽകേണ്ട 20% വർദ്ധനവ് ഇവിടെ നൽകിയിട്ടില്ല. കൂടാതെ മേൽ കെട്ടിടത്തിന് ഫയർ എൻ. ഒ.സി

എടുത്തതിന്റെ രേഖകളും ഫയലിൽ ലഭ്യമല്ല.

സ്ഥല പരിശോധന നടത്തിയതിൽ കെട്ടിടത്തിന്റെ ചുറ്റും ഒഴിച്ചിടേണ്ട സ്ഥലങ്ങളിൽ പിന്നാമ്പുറത്തിന്റെ കുറഞ്ഞ അകലം 1.45 മീറ്ററും കൂടിയ അകലം 1.90 മീറ്ററുമാണ്. എന്നാൽ കെട്ടിട നിർമ്മാണചട്ട പ്രകാരം പിന്നാമ്പുറത്ത് ഒഴിച്ചിടേണ്ട കുറഞ്ഞ അകലം 2 മീറ്ററും ശരാശരി അകലം 4.5 മീറ്ററുമാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണ ചട്ടലംഘനം പരിഗണിക്കാതെ മേൽ കെട്ടിടം ക്രമവത്ക്കരിച്ച നൽകിയതിന് വിശദീകരണം നൽകേണ്ടതും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് കൂടി ഉൾപ്പെടുത്തി ടി കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ച് രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റന്വേഷണം നം.5/28.12.18

## 2-5 പി.കെ.ജെ.എം പബ്ലിക്ക് സ്കൂളിന്റെ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല.

സ്ഥലപരിശോധന നടത്തിയതിൽ പി കെ ജെ എം പബ്ലിക് സ്കൂളിൽ നിലവിൽ മൂന്ന് 3 നിലകെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നതായി ബോദ്ധ്യപ്പെട്ടു. രണ്ട് കെട്ടിടങ്ങൾക്ക് നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ നമ്പർ നൽകിയ രണ്ട് കെട്ടിടങ്ങളിൽ ഒരു കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിന് മാത്രമാണ് നമ്പർ നൽകിയിരിക്കുന്നത്. എന്നാൽ നിലവിൽ പ്രസ്തുത കെട്ടിടത്തിന് മൂന്ന് നിലകൾ ഉണ്ട്. അനധികൃതമായി നിർമ്മിച്ച രണ്ട് നിലകൾ ക്രമീകരിച്ചിട്ടില്ല. കൂടാതെ VII/596,597,598 എന്നീ നമ്പരുകൾ നൽകിയ കെട്ടിടം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 (3സി) പ്രകാരം നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. എന്നാൽ ടി കെട്ടിടം ഗവൺമെന്റ് അംഗീകൃത സ്കൂളിന് വേണ്ടിയാണ് എന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

പി കെ ജെ എം പബ്ലിക് സ്കൂൾ ഗവൺമെന്റ് അംഗീകൃത സ്കൂളാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കാത്ത പക്ഷം VII/596,597,598 എന്നീ നമ്പർ കെട്ടിടങ്ങൾക്കും നികുതി നിർണ്ണയിക്കേണ്ടതും അനധികൃത നിർമ്മാണത്തിനെതിരെ നടപടികൾ എടുക്കാത്തതിന് വിശദീകരണം നൽകേണ്ടതും വസ്തു നികുതി നിർണ്ണയിച്ച് വരുമാന നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

ഓഡിറ്റന്വേഷണം നം. -5/28.12.18

## 2-6 ജി.എസ്.റ്റി ഈടാക്കിയില്ല

2017-18 സാമ്പത്തിക വർഷം പഞ്ചായത്തിൽ വാടകയിനത്തിൽ 1,44,080/- രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ വാടകയുടെ ഒപ്പം 01.07.2017 മുതൽ ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിൽ 2017 നവംബർ മാസത്തിലാണ് ജി.എസ് .റ്റി രജിസ്ട്രേഷൻ ആരംഭിച്ചത് എന്നും ആയതിനാലാണ് 2017 ൽ ജി എസ് റ്റി ഈടാക്കാൻ സാധിക്കാത്തത് എന്നും അറിയിച്ചു.

വാടകക്കാരുമായി ജി.എസ്.റ്റി യുമായി ബന്ധപ്പെട്ട് അനുബന്ധക്കരാറിൽ ഏർപ്പെട്ട് ജി.എസ്.റ്റി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റന്വേഷണം നം. 4/27.12.18

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**3-1** <u>പട്ടികജാതി വിദ്യാർഥികൾക്ക് സൈക്കിൾ വാങ്ങൽ -അധികം തുക ചെലവഴിച്ചു</u>

വകയിരുത്തിയത്:90,000/-(വികസന ഫണ്ട്-എസ്.സി.പി)

ചെലവ്:89,892/-ബിൽനം:34/15.03.18

വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർഥികൾക്ക് സൈക്കിൾ വാങ്ങൽ എന്ന പ്രോജക്ടിൽ (67/18) Murali cycle mart കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും കൂടിയ തുകയുള്ള സൈക്കിൾ വാങ്ങി.

സൈക്കിൾ വാങ്ങൽ എന്ന പ്രോജക്ടിൽ ആകെ 2സ്ഥാപനങ്ങളാണ് ടെൻഡറിൽ പങ്കെടുത്തത്.1/1(7)/12.01.18 നമ്പർ കമ്മറ്റി തീരുമാന പ്രകാരം Murali cycle mart കരുനാഗപ്പള്ളി എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്ത് ആൺകുട്ടികളുടെ Herculy Rockeyമോഡൽ 9സൈക്കിളും , പെൺകുട്ടികളുടെ BSA Lady Bird മോഡൽ 9 സൈക്കിളുമാണ് വാങ്ങിയിട്ടുള്ളത്.Muralicyclemart കരുനാഗപ്പള്ളി 5വിവിധ മോഡൽ ആൺകുട്ടികളുടെ സൈക്കിളും,5വിവിധ മോഡൽ പെൺകുട്ടികളുടെ സൈക്കിൾ ക്വാട്ട് ചെയ്തതിൽ കുറഞ്ഞ തുകയുള്ള LeviesBoy-4650/-(രൂപ),Levies lady-4650/-(രൂപ) എന്ന മോഡൽ സൈക്കിളുകൾ ഉണ്ടായിരുന്നു.എന്നാൽ Herculy Rockey-4990/-രൂപ,BSA Lady Bird-4998/- രൂപയ്ക്ക് വാങ്ങിയത് കാരണം അധികം തുക ചെലവഴിച്ചിരിക്കുകയാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നൽകിയ തുക :9x4,990+9x4,998=89,892/- രൂപ

നൽകേണ്ട തുക :9x4,650+9x4,650=83,700/- രൂപ

അധികം നൽകിയ തുക:6,192/- രൂപ

കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സൈക്കിൾ വാങ്ങിയതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ LeviesBoy, Levies lady എന്നീ മോഡൽ സൈക്കിൾ ഒഴിവാക്കിയത് സംബന്ധിച്ച കമ്മറ്റി തീരുമാനത്തിൽ പ്രത്യേകിച്ച് യാതൊന്നും തന്നെ പറയുന്നില്ല. അഥവാ നിശ്ചിത ബ്രാന്റ് സൈക്കിൾ വേണമെന്ന് നേരത്തെ തീരുമാനമെടുത്ത് ആയതു പ്രകാരം ടെൻഡർ ക്ഷണിക്കണമായിരുന്നു. ഇതൊന്നും പാലിക്കാതെ കൂടിയ തുകയുള്ള സൈക്കിൾ വാങ്ങാൻ തീരുമാനിച്ച കമ്മറ്റി തീരുമാനം ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി കമ്മറ്റി തീരുമാനത്തിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്താതിരുന്ന വിഇഓ യിൽ നിന്നും അധികം നൽകിയ തുക:6,192/- രൂപ

ഈടാക്കേണ്ടതാണ്.

<u>നിരാകരിച്ച തുക:6,192/-രൂപ</u>

<u>ഓഡിറ്റ് എൻക്വയറി നം:1/22.12.18</u>

## 3-2 <u>കിണർ റീചാർജിങ്ങ് -അനുവദനീയമായതിനേക്കാൾ കൂടുതൽ തുക നൽകി</u>

ബിൽനം:15/25.11.17:12,000/-രൂപവികസന ഫണ്ട്

വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയകിണർ റീചാർജിങ്ങ് എന്ന പ്രോജക്ടിൽ (65/18)സർക്കാർ ഉത്തരവ് നമ്പർ 80/17/തസ്വഭവ:03.04.17പ്രകാരം ചെലവിന്റെ 80% തുക പരമാവധി 6,000/-രൂപ കിണർ റീചാർജിങ്ങ് പ്രവർത്തിക്ക് നല്കാമെന്നിരിക്കെ ഓവർസീയറുടെ വാല്യവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ താഴേ പറയുന്ന ഗുണഭോക്താക്കൾക്ക് അധികം തുക നൽകി.

| അപേക്ഷകന്റെ പേര് | ഓവർസീയർ നൽകിയ വാല്യവേഷൻ | നൽകിയ തുക-രൂപ | നൽകേണ്ട തുക-രൂപ | അധികം നൽകിയ തുക -രൂപ |
|---|---|---|---|---|
| റജീന പള്ളിത്തെക്കേതിൽ പടപ്പക്കര | 6,300/- | 6,000/- | 5,040/- | 960/- |
| സ്റ്റീഫൻ ധന്യാഭവൻ പടപ്പക്കര | 6,500/- | 6,000/- | 5,200/- | 800/- |
| ആകെ | | | | 1,760/-രൂപ |

അധികം നൽകിയ 1,760/-രൂപ വി.ഇ.ഓ.യിൽ നിന്നും തിരികെ ഈടാക്കി രേഖകൾപരിശോധനയ്ക്ക ഹാജരാക്കേണ്ടതാണ്.

<u>നിരാകരിച്ച തുക:1 ,760-രൂപ</u>

<u>ഓഡിറ്റ് എൻക്വയറി നം:1/22.12.18</u>

## 3-3 <u>മരുന്ന് ലഭ്യമാകാത്തതു സംബന്ധിച്ച്</u>

വിവിധ പ്രോജക്ടുകളിലായി മരുന്ന വാങ്ങാനായി തുക നൽകിയെങ്കിലും നാളിതുവരെ മുഴവൻ തുകയ്ക്കുമുള്ള മരുന്ന് ലഭിച്ചിട്ടില്ല. .ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നമ്പർ - 83/17

പ്രോജക്ട് - മരുന്നുവാങ്ങൽ

അടങ്കൽ - 2,00,000/-രൂപ

ചെലവ് – 2,00,000/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ

<table>
<tr><th>ബിൽ നമ്പർ</th><th>പെർഫോർമാ ഇൻവോയ്സ് നമ്പർ</th><th>നൽകിയ തുക (രൂപ)</th><th>ലഭിച്ച മരുന്നിന്റെ മൂല്യം (രൂപ)</th><th>ബാക്കി ലഭിക്കാനുള്ളത്</th></tr>
<tr><td>4/22-12-2017-<br>1,35,000/-</td><td>PRF-2372/<br>23-11-2017</td><td>94,595</td><td rowspan="2">1,23,595</td><td rowspan="2">11,405</td></tr>
<tr><td>4/22-12-2017-<br>1,35,000/-</td><td>PRF- 290/<br>23-11-17</td><td>40,405</td></tr>
<tr><td>8/9-2-2018<br>65,000/-</td><td>PRF-90<br>1-1-18</td><td>22,358</td><td rowspan="2">41,834</td><td rowspan="2">23,166</td></tr>
<tr><td>8/9-2-2018<br>65,000/-</td><td>PRF-3392/<br>1-1-2018</td><td>42,642</td></tr>
</table>

2.പ്രോജക്ട് നമ്പർ – 85

പ്രോജക്ട് - പാലിയേറ്റീവ് കെയർ

അടങ്കൽ – 6,00,000/-(രൂപ)

ചെലവ് – 6,00,000/-(രൂപ)

| ബിൽ നമ്പർ | പെർഫോർമാ ഇൻവോയ്സ് നമ്പർ | നൽകിയ തുക | ലഭിച്ച മരുന്നിന്റെ മൂല്യം (രൂപ) | ബാക്കി ലഭിക്കാനുള്ളത് |
|---|---|---|---|---|
| 3/27-12-17 | PRF 289/ 23-11-17 PRF2427/ 24-11-17 | 1,60,500 | 1,32,909 | 27,591 |
| 5198041/ 24-3-2018 | PRF-3396/ 1-1-18 | 1,00,000 | 60,211 | 39,789 |
| 6/12-1-18 | PRF-903/ 1-1-18 | 10,000 | 9,486 | 514 |

മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ -9/29-12-2016

## 3-4 കുടിവെള്ള പെപ്പ് ലൈൻ - നാളിതുവരെ പണി പൂർത്തീകരിച്ചില്ല

പ്രോജക്ട് നമ്പർ 40/18

പ്രോജക്ട് -നിലവിലുള്ള കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ

അടങ്കൽ 25,73,455/-രൂപ

ചെലവ് 25,72,368/-രൂപ

ബിൽ നമ്പർ 24/13-3-18

നിർവ്വഹണ ഉദ്യോഗസ്ഥർ – സെക്രട്ടറി

പ്രസ്തുത തുക വാട്ടർ അതോറിറ്റിക്ക് നൽകിയെങ്കിലും ആയതിന്റെ പണി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രവും ഫൈനൽ ബില്ലും ലഭ്യമാക്കിയിട്ടില്ല. എസ്റ്റിമേറ്റിൽ road restoration charges to PWD എന്ന പേരിൽ 4,563/-രൂപയും berm cutting charges to PWD എന്ന പേരിൽ ഉൾപ്പെടുത്തിയിരിക്കുന്ന 48,300/-രൂപയും ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3)പ്രോജക്ട് 30/18

പ്രോജക്ട് - പൊതുടാപ്പുകൾ -കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ

അടങ്കൽ 3,32,640/-രൂപ

ചെലവ് 3,32,640/-രൂപ

ചെക്ക് നമ്പർ 393519/17-10-17

പ്രസ്തുത പ്രോജക്ടിനായി 29-3-2017 തീയതിയിലെ DB1/(G)PHDn /1890/KTR/2016 എസ്റ്റിമേറ്റ് പ്രകാരം പറഞ്ഞിരുന്ന 8,06,500/-രൂപയിൽ 4,73,860/- രൂപ 31-3-2017 തീയതിലെ 844/17/31-3-17, 845/31-3-17 നമ്പർ ബില്ലുകൾ പ്രകാരം ഒടുക്കിയിട്ടുണ്ട്. ബാക്കി തുക ആണ് ഈ സാമ്പത്തിക വർഷം ഒടുക്കിയത്. എന്നാൽ പണി പൂർത്തീകരിച്ചതിന്റെയും വിനിയോഗിച്ചതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 7/29-12-2018

തടസ്സപ്പെടുത്തിയ തുക - 29,05,008/-രൂപ

## 3-5 മാർഗ്ഗരേഖപ്രകാരം അനുവദനീയമല്ലാത്ത പ്രോജക്ട് നടപ്പാക്കി

പ്രോജക്ട് പേരയം - ഗ്രാമപഞ്ചായത്തിനായി 26 പൊതു ടാപ്പുകൾ സ്ഥാപിക്കൽ

അടങ്കൽ -1,40,000/-രൂപ

ചെലവ്-1,40,000/-രൂപ

ബിൽ നമ്പർ 846/17/31-3-17

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രസ്തുത പ്രോജക്ടിനായി ജൂൺ മാസത്തിൽ വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് വയ്ക്കുകയും പ്രസ്തുത പ്രവൃത്തിനടപ്പിലാക്കുകയും ചെയ്തു. ആയത് സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രത്തിൽ പേരയം ഗ്രാമപഞ്ചായത്തിനായി 26 പൊതു ടാപ്പുകൾ സ്ഥാപിച്ച വകയിൽ ഒടുക്കു വരുത്തിയ 1,40,000/- രൂപയിൽ 1,32,310/- രൂപ മാത്രമേ ചെലവായുള്ളൂ. ബാക്കി 7,690/-രൂപ തിരികെ ഈടാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 8.5-ലെ കുറിപ്പ് 2 പ്രകാരം പൊതുടാപ്പുകൾ നൽകാൻ പാടുള്ളതല്ല എന്നിരിക്കെ പൊതുടാപ്പുകൾ നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ബാക്കി തുക ഈടാക്കി വിവരമറിയിക്കാം എന്ന് മാത്രമാണ് അറിയിച്ചിരിക്കുന്നത്. പൊതു ടാപ്പുകൾ നൽകാൻ പാടുള്ളതല്ല എന്നിരിക്കെ ആയത് നടപ്പിലാക്കിയതിനാൽ ടി തുകയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 7/29-12-2018

നിരാകരിച്ച തുക 1,40,000/-രൂപ

**3-6** ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ - തുക വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1,പ്രോജക്ട് നമ്പർ -124/18

പ്രോജക്ട് – പി.എം.എ.വൈ. പഞ്ചായത്ത് വിഹിതം

അടങ്കൽ - 2,20,000/-രൂപ

ചെലവ് -2,20,000/-രൂപ

ബിൽ നമ്പർ 1/15-7-2017
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പി.എം.എ.വൈ പ്രോജക്ടിലൂടെ വീട് വയ്ക്കുന്ന ഗുണഭേക്താക്കൾക്കുള്ള പഞ്ചായത്ത് വിഹിതം നൽകുന്നതിനായി ആവിഷ്കരിച്ച പ്രസതുത പ്രോജക്ടിനായി മേൽ പറയും പ്രകാരം ബില്ല് മാറി ചിറ്റൂമല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയെങ്കിലും പ്രസ്തുത പദ്ധതിയ്ക്കായി എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ്, അവരുടെ വീടുപണിയുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2)പ്രോജക്ട് നമ്പർ 126/18

പ്രോജക്ട് IAY അധിക വിഹിതം

അടങ്കൽ 6,25,000/-

ചെലവ് 6,25,000/-

ബിൽ നമ്പർ 2/17-18/15-7-2017
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

IAY പദ്ധതി പ്രകാരം വീട് വയ്ക്കുന്ന ഗുണഭോക്താക്കൾക്കുള്ള അധിക വിഹിതം എന്ന പ്രോജക്ടിനായി 6,25,000/- രൂപാ പിൻവലിച്ച് ചിറ്റൂമല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്കായി നൽകിയെങ്കിലും പ്രസതുത പ്രോജക്ടിനായി എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് അവയുടെ പ്രവൃത്തിയുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 7/29-12-2018

തടസ്സപ്പെടുത്തിയ ആകെ തുക 8,45,000/-രൂപ

## 3-7 പ്രോജക്ട് റിവൈസ് ചെയ്യാതെ ടെണ്ടർ നടപടിക്രമം മാറ്റി- നടപടിക്രമത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ 38/17-18

പ്രോജക്ട് -തെരുവുവിളക്കിന് ഉപകരണങ്ങൽ വാങ്ങൽ

അടങ്കൽ – 3,00,000/-രൂപ

ചെലവ്- 2,10,386/-രൂപ

ബിൽ നമ്പർ 21/23-1-2018

പ്രസ്തുത പദ്ധതിക്ക് 8-7-2017 തീയതിൽ അംഗീകാരം ലഭിച്ചപ്പോൾ അടങ്കൽ തുക 6,00,000/-ആയിരുന്നു. ആയതിനനുസരിച്ച് 15-7-2017 തീയതിയിലെ 525/2017-18 നമ്പർ ഇ-ടെണ്ടർ പരസ്യം 20-7-2017 തീയതിയിലെ മലയാളമനോരമ പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ ആയതിനെ തുടർന്ന് ഈ- ടെണ്ടർ വിവരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടില്ല. എന്നാൽ സാധാരണ ടെണ്ടർ നടത്തിയതിന്റെ നടപടിക്രമങ്ങളും ഫയലുകളും ആണ് പ്രസതുത പ്രോജക്ട് ഫയലിനോടൊപ്പം ഹാജരാക്കിയത്. പ്രസതുത ഫയലിൽ ഇതേ തീയതിയിലെ ഇതേനമ്പർ ടെണ്ടർ പരസ്യം സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ആയത് എതെങ്കിലും ദിനപത്രത്തിൽ നൽകിയതായി രേഖകൾ ഇല്ല . 26-7-2017 തീയതിയിൽ പ്രസ്തുത വർക്കിനായി ടെണ്ടർ ഫോറം വിറ്റിട്ടുണ്ട്. എന്നാൽ പ്രോജക്ട് റിവൈസ് ചെയ്തത് 15-3-2018 തീയതിയിൽ ആണ്. പ്രസതുത പ്രോജക്ടിനായി ഇ ടെണ്ടർ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. പ്രോജക്ട് റിവൈസ് ചെയ്യാതെ സാധാരണ ടെണ്ടർ വിളിച്ചതിന്റെയും കാരണം വ്യക്തമാക്കിയിട്ടില്ല. 4-8-2017തീയതിയിലെ II(2)നമ്പർ തീരുമാനപ്രകാരം സാധാരണ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആറു ലക്ഷം രൂപാ അടങ്കൽ വച്ചിരുന്ന പ്രോജക്ട് റിവൈസ് ചെയ്യാതെ സാധാരണ ടെണ്ടർ ആക്കി മാറ്റാനുണ്ടായ കാരണം വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് മറുപടി നൽകിയതിൽ പ്രസ്തുത പദ്ധതിക്ക് ഇത്രയും തുക ആവശ്യമില്ലെന്നും തുക ക്രമപ്പെടുത്തണമെന്നും പ്രോജക്ട് ഭേദഗതി അനുമതി ലഭിക്കുന്നതനുസരിച്ച് ഭേദഗതി ചെയ്യാം എന്നുപറഞ്ഞതനുസരിച്ചാണ് ചെയ്തത് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ സാധൂകരിക്കുന്ന രേഖകൾ ഒന്നും ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ മറുപടി വ്യക്തമായ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 3-8 പഞ്ചായത്ത് ഭൂമി കൈയ്യേറി- തുടർനടപടികൾ എടുത്തിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പേരിൽ ഉള്ള പതിനൊന്നാം വാർഡിലെ കോടിയിൽ കായലിനോട് ചേർന്നുള്ള മുളവന വില്ലേജിലെ പത്താം നമ്പർ ബ്ലോക്കിൽ 407/6

നമ്പർ സർവേ നമ്പറിലുള്ള ഭൂമിയിൽ രണ്ട് സെന്റ് ഭൂമി അതിനോട് ചേർന്നുകിടക്കുന്ന വസ്തുവിന്റെ ഉടമ കയ്യേറി . ടി വസ്തു പ്രസ്തുത വ്യക്തി കയ്യേറി മതിൽകെട്ടിയതായും ആയതിനാൽ ഭൂമിയുടെ അളവ് തിട്ടപ്പെടുത്തി അളന്നു തിരിച്ചെടുത്ത് നടപടി സ്വീകരിക്കാൻ കൊല്ലം തഹസീൽദാർക്ക് കത്ത് നൽകാൻ 8-3-2017 തീയതിയിലെ V(3) നമ്പർ തീരുമാനപ്രകാരം കമ്മറ്റി തീരുമാനിച്ചിരുന്നു. ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ടി വസ്തു പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. തുടർനടപടി വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

<u>ഓഡിറ്റ് എൻക്വയറി നമ്പർ -13/31-12-2018</u>

## 3-9 <u>ഗാർഹിക കുടിവെള്ള കണക്ഷൻ -അധികം തുക നൽകി</u>

വകയിരുത്തിയത്:1,95,000/- രൂപ(വികസന ഫണ്ട്-എസ്.സി.പി)

ചെലവ്:80,090/-രൂപ

ബിൽനം:14/25.11.17:11,236/-രൂപ

:21/17.01.18:15,000/-രൂപ

:27/17.02.18:7,500/-രൂപ

:36/13.03.18:22,500/-രൂപ

:46/26.03.18:7,500/-രൂപ

:51/28.03.18:16,354/-രൂപ

വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്.സി.വിഭാഗക്കാർക്കുള്ള ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന പ്രോജക്ടിൽ (44/18) സർക്കാർ ഉത്തരവ് നമ്പർ 80/17/തസ്വഭവ:03.04.17പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് സബ്സിഡി തുക 7,500/-രൂപ ഗാർഹിക കുടിവെള്ള കണക്ഷൻ എടുക്കുന്നവർക്ക് നല്കാമെന്നിരിക്കെ കണക്ഷന് ചെലവായ തുകയേക്കാൾ അധികം തുക താഴേ പറയുന്ന ഗുണഭോക്താകൾക്ക് നൽകി.

| അപേക്ഷകന്റെ പേര് | കണക്ഷന് ചെലവായ തുക | നൽകിയ തുക (രൂപ) | നൽകേണ്ട തുക (രൂപ) | അധികം നൽകിയ തുക |
|---|---|---|---|---|

| | | | | (രൂപ) |
|---|---|---|---|---|
| ആനന്ദൻ സെറ്റിൽമെന്റ് കോളനി പേരയം | 6,230/- | 7,500/- | 6,230/- | 1,270/- |
| സദാശിവൻ തുണ്ടുവിളവീട് പേരയം | 6,258/- | 7,500/- | 6,258/- | 1,242/- |
| ആകെ | | | | 2,512/-രൂപ |

അധികം നൽകിയ 2,512/-രൂപ വി.ഇ.ഓ.യിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

നിരാകരിച്ച തുക:2,512/-രൂപ

ഓഡിറ്റ് എൻക്വയറി നം:1/22.12.18

## 3-10 പത്താം തരാം തുല്യത -രേഖകൾ പരിശോധനയ്ക്ക ഹാജരാക്കിയില്ല 55,350/-രൂപ തടസ്സപ്പെടുത്തുന്നു.

ബിൽനം:2/28.03.18:55350/-വികസന ഫണ്ട്

പ്രോജക്റ്റ് നം. – 97/18

ഹെഡ്മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പത്താം തരം തുല്യത കോഴ്സിന് വേണ്ടി കേരളാ സാക്ഷരതാ മിഷൻ അതോറിറ്റിയിൽ 55,350/-രൂപ ഒടുക്കിയിട്ടുണ്ട്. ആകെ 29 ജനറൽ വിഭാഗം കുട്ടികൾക്കും, 17എസ്.സി..വിഭാഗത്തിലെ കുട്ടികൾക്കും വേണ്ടിയാണ് തുക ഒടുക്കിയിട്ടുള്ളത്. തുക വിനിയോഗിച്ച വിവരം പരിശോധനയ്ക്ക ഹാജരാക്കിയില്ല. ആയതിനാൽ കേരളാ സാക്ഷരതാ മിഷൻ അതോറിറ്റിക്ക് നൽകിയ 55,350/-രൂപ തടസത്തിൽ വെയ്ക്കുന്നു. . രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം:12/29.12.18

തടസ്സപ്പെടുത്തിയ തുക:55,350/-രൂപ

## 3-11 തൊഴിലുറപ്പപദ്ധതി - അവലോകനം

പ്രകൃതിവിഭവങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് മഴക്കുഴി നിർമ്മാണം, തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മണ്ണുജലസംരക്ഷണം എന്നിവയാണ് തൊഴിലുറപ്പപദ്ധതിയിൻകീഴിൽ തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയ പ്രധാന പദ്ധതികൾ. 2017-18-ലെ ആക്ഷൻപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളായ

ഭൂഗർഭജലവിതാനം ഉയർത്താൻ ചെക്ക് ഡാമുകൾ, തടയണകൾ എന്നിവയുടെ നിർമ്മാണം, സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികളിൽപ്പെടുത്തി മൃഗപരിപാലനത്തിനുള്ള അടിസ്ഥാനസൗകര്യങ്ങളായ കോഴിക്കൂട്,ആട്ടിൻകൂട്, തൊഴുത്ത് എന്നിവയുടെ നിർമ്മാണം, മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന/സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ, പൊതുകുളങ്ങളിൽ മത്സ്യം വളർത്തൽ എന്നിവ, കാർഷികോൽപന്നങ്ങളുടെ സംഭരണകേന്ദ്രങ്ങൾ, ഗ്രാമീണറോഡുകൾ, ഓടകൾ, കലുങ്കുകൾ എന്നിവയുടെ നിർമ്മാണം, നിർമ്മാണസാമഗ്രികളുടെ ഉൽപാദനം എന്നിവ തൻവർഷം നടപ്പാക്കിയിട്ടില്ല. പൊതുകുളം, തോട് വൃത്തിയാക്കൽ എന്നീയിനങ്ങളിൽ ഓരോ പ്രവൃത്തികൾ ചെയ്തതൊഴിച്ചാൽ പൊതു ആസ്തികൾ സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രവൃത്തികളോ നിലവിലുള്ള പൊതു ആസ്തികളുടെ സംരക്ഷണ പ്രവൃത്തികളോ നടപ്പാക്കിയിട്ടില്ല. തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മണ്ണുജലസംരക്ഷണപ്രവൃത്തികൾ എന്നിവ സ്വകാര്യഭൂമിയിൽ മാത്രമായി പരിമിതപ്പെടുകയാണുണ്ടായത്. പൊതുഭൂമിയിലെ ഭൂസംരക്ഷണപ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല. കാർഷിക, മത്സ്യബന്ധന മേഖലകൾക്ക് പ്രാധാന്യമുള്ള ഗ്രാമപഞ്ചായത്തിൽ ചെറുകിട ജലസേചന തോടുകൾ, കനാലുകൾ, ജലസേചനക്കിണറുകൾ, കുളങ്ങൾ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മത്സ്യം ഉണക്കുന്ന/സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ, പൊതുകുളങ്ങളിൽ മത്സ്യം വളർത്തൽ എന്നിവ തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമാക്കുന്നത് ഗുണകരമാണ്. ഗ്രാമപഞ്ചായത്തിൽ പല പ്രദേശങ്ങളിലും വെള്ളപ്പൊക്കഭീഷണിയുണ്ടെങ്കിലും വെള്ളപ്പൊക്കനിയന്ത്രണ പ്രവൃത്തികളും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികളും തൊഴിലുറപ്പുപദ്ധതിയിൻ കീഴിൽ നിർവ്വഹിച്ചിട്ടില്ല.

1,90,98,000/- രൂപയുടെ പ്രവൃത്തികൾ ആക്ഷൻപ്ലാനിൽ ഉൾപ്പെടുത്തിയെങ്കിലും 1,00,92,943/- രൂപയാണ് തൻവർഷം ചെലവഴിച്ചത്. ലേബർ ബഡ്ജറ്റ് പ്രകാരം 58,000/- തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ടതിൽ 38,843 എണ്ണം നൽകി. തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളിൽ നാമമാത്രമായ സാധനഘടകം മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. തൊഴിലുറപ്പുപദ്ധതി പ്രവർത്തനം സ്വകാര്യഭൂമിയിൽ മാത്രമായി പരിമിതപ്പെടുത്താതെ പൊതു ആസ്തികൾ സൃഷ്ടിക്കുന്ന തരത്തിലും മേൽ സൂചിപ്പിച്ച പ്രകാരം ഇതര മേഖലകളിലേയ്ക്ക് വ്യാപിപ്പിച്ചും സാധനഘടകത്തിലെ ചെലവിൽ ആനുപാതിക വർദ്ധന വരുത്തിയും നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു

വൗച്ചർ പരിശോധനയിൽ താഴെ ചേർക്കുന്ന ചെലവിന്റെ രേഖകൾ

ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വിഷയം | തുക (രൂപ) | ചെക്ക് നം /തീ / വൗച്ചർ നം/ തീ | തടസ്സപ്പെടുത്തുന്നതിനുള്ള കാരണം |
|---|---|---|---|---|
| 1 | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ - രണ്ടാം പാദ | 5,000/- | 301250/ 2.5.17 | ചെലവ് രേഖകൾ, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 2 | കേരള സംസ്ഥാന മിഷൻ അതോറിറ്റിയുടെ സംസ്ഥാന തുടർ വിദ്യാഭ്യാസ കലോത്സവത്തിന് നൽകിയ സംഭാവന | 1,500/- | 21700693/ 8.1.18 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( ക്രമ നം. 1 -എൻക്വയറി 6/28.12.18, ക്രമ നം. 2 -എൻക്വയറി 14/31.12.18), മറുപടി ലഭ്യമാക്കുകയോ ആവശ്യമായ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവുകൾ തടസ്സപ്പെടുത്തുന്നു.

## 3-13 അവധിയിലിരിക്കുന്ന അംഗത്തിന് ഹോണറേറിയം -തുക നിരാകരിക്കുന്നു

2017-18 വൗച്ചർ പരിശോധനയിൽ 11 -ാം വാർഡ് മെമ്പറായ ശ്രീ. വിജയ കുമാർ , സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ഹോണറേറിയം 7,000/- രൂപ വീതം വൗച്ചർ നം.21700407/30.8.2017, 217004072/4.10.2017 എന്നിവ പ്രകാരം കൈപ്പറ്റിയിരിക്കുന്നു. പ്രസ്തുത മാസത്തെ ഹാജർ പരിശോധിച്ചതിൽ ടിയാൾ കമ്മിറ്റിയിൽ പങ്കെടുത്തതായി കാണുന്നില്ല. ടിയാളുടെ അവധി അപേക്ഷ 12.10.17 തീയതിയിലെ പഞ്ചായത്ത് കമ്മറ്റിയുടെ 10 -ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. സ.ഉ (പി) നം.186/2012/തസ്വഭവ /തീ 2.7.12 ഉത്തരവ് പ്രകാരം അവധിയിലിരിക്കുന്ന അംഗത്തിന് ഹോണറേറിയം നൽകാൻ വ്യവസ്ഥ ഇല്ല എന്നിരിക്കെ ടിയാൾക്ക് ഹോണറേറിയം നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നൽകി. 1995 ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾ ഓണറേറിയവും ബത്തകളും ) ചട്ടങ്ങൾ 3 ബി പ്രകാരം അവധിയിലുള്ള ജനപ്രതിനിധിയുടെ ഓണറേറിയത്തിനുള്ള അർഹത പ്രകാരം പഞ്ചായത്തിന്റെ അനുമതിയോടുകൂടി അവധിയിയെടുത്ത XI -ാം വാർഡ് അംഗം ശ്രീ. വിജയകുമാറിന് 2017 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ഹോണറേറിയം നൽകിയെന്നും പിന്നീടാണ് ബഹു: പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , കൊല്ലം

ഓഫീസിൽ നിന്ന് പുതിയ ഉത്തരവുകളും സർക്കുലറുകളും ഭേദഗതി അടങ്ങിയ ബുക്കുകൾ ഈ ഓഫീസിൽ ലഭിച്ചതെന്നും ടി തുക ശ്രീ. വിജയകുമാറിൽ നിന്ന് തിരിച്ച് പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുന്നു എന്ന മറുപടി ലഭ്യമാക്കി.

ഹോണറേറിയം ഇനത്തിൽ നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. -10/29.12.2018

നിരാകരിച്ച തുക – 14,000/-

## 3-14 എസ്.എൽ.ഐ പ്രീമിയം ഒടുക്കുന്നത് സംബന്ധിച്ച്

വൗച്ചർ പരിശോധിച്ചപ്പോൾ പേരയം ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ എസ്.എൽ.ഐ പ്രീമിയം GO(P)149/16 Fin dtd 4.10.2016പ്രകാരം ഒടുക്കുന്നത് അടിസ്ഥാന ശമ്പളനിരക്കനുസരിച്ചല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എസ് എൽ ഐ

| ജീവനക്കാരുടെ പേര് | ജീവനക്കാരുടെ ഉദ്യോഗപ്പേര് | അടിസ്ഥാന ശമ്പളം | ശമ്പള സ്ലാബ് | ഈടാക്കേണ്ട ഇൻഷ്വറൻസ് തുക | ഈടാക്കിയ തുക |
|---|---|---|---|---|---|
| ശ്രീമതി. ലൈലാമണി എം. എസ് | ജെ എസ് | 37,500 | 30700-65400 | 500 | 250 |
| ശ്രീമതി. രമദേവി എ | അക്കൗണ്ടന്റ് | 33,900 | 27800-59400 | 300 | 150 |
| ശ്രീമതി. നിഷ ജെ കുമാർ | സീനി. ക്ലാർക്ക് | 30,700 | 25200-54000 | 300 | ഒടുക്കുന്നില്ല |
| ശ്രീമതി. ജിഷ പി എസ് | സീനി. ക്ലാർക്ക് | 29,200 | 25200-54000 | 300 | 250 |

ജീവനക്കാരുടെ എസ്.എൽ. ഐ പ്രീമിയം അടിസ്ഥാന ശമ്പളനിരക്കനുസരിച്ച് ഈടാക്കി വിവരം അറിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 21,00,000 | ഇടക്കര റോഡ് പുനരുദ്ധാരണം | 250000 | 0 |
| | | | മാർത്താണ്ഡപുരം കാടൻ കുഴി ചൊക്കൻകുഴി റോഡ് | 450000 | 0 |
| | | | നീരൊഴിക്കൽ കല്ലുവിള റോഡ് പുനരുദ്ധാരണം | 250000 | 0 |
| | | | കൊല്ലിടഴികം തെക്കേമാട്ടേൽ കായൽവാരം റോഡ് | 200000 | 0 |
| | | | കോട്ടപ്പുറത്ത് സ്റ്റെപ്പ്ജോർജ്മുക്ക് റോഡ് കോൺക്രീറ്റിംഗ് | 2,50,000 | 0 |
| | | | സൗന്ദര്യ ജംഗ്ഷൻ അംഗനവാടി റോഡ് | 2,50,000 | 0 |
| | | | തെങ്ങുവിള കായൽവാരം റോഡ് പുനരുദ്ധാരണം | 1,89,563 | 60,437 |
| | | | മാട്ടേവിള ഈശോനാമം റോഡ് കോൺക്രീറ്റിംഗ് | 0 | 2,00,000 |
| | 2017-18 | 2,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,00,000 | 0 |
| | | | അങ്കണവാടി പോഷക ആഹാരം | 1,00,000 | 0 |
| | 2017-18 | 200000 | പാലിന് സബ്സിഡി | 2,00,000 | 0 |
| | 2017-18 | 9,25,000 | പാലിയേറ്റീവ് കെയർ പ്രോഗ്രാം | 1,00,000 | 25,000 |
| | | | ലൈഫ് മിഷൻ വീട് നിർമ്മാണം | 0 | 8,00,000 |
| | | 59,500 | നെൽകൃഷി വികസനം | 59500 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1,00,000 | പാലിന് സബ്സിഡി | 1,00,000 | 0 |
| | 2017-18 | 1,99,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,99,000 | 0 |

## **4-2** <u>നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ</u>

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച്

പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21700505 | 3,32,640 | 0 | 3,32,640 |
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21700894 | 25,72,368 | 0 | 2572368 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,435/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | 3-1 | 1435 | വെറ്റിനറി സർജൻ | 117010100940/ 7.11.2011 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 3.9 | 2006-07 | 3.11.4 | ജനകീയ പാർപ്പിട പദ്ധതി | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 1999-2000 | 3.7 | 2006-07 | 3.11.4 | പമ്പ്സെറ്റ് സ്ഥാപിക്കൽ | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,94,57,451 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,42,80,873 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,64,464 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 38,11,858 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 6,192 | സുമേഷ്,വി ഇ ഒ |
| 3-2 | - | 1,760 | സുമേഷ്, വി ഇ ഒ |
| 3-5 | - | 1,40,000 | പ്രമോദ് ആനന്ദ്, സെക്രട്ടറി |
| 3-9 | - | 2,512 | സുമേഷ്, വി ഇ ഒ |
| 3-13 | - | 14,000 | പ്രമോദ് ആനന്ദ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 29,05,008 | പ്രമോദ് ആനന്ദ് , സെക്രട്ടറി |
| 3-6 | 8,45,000 | പ്രമോദ് ആനന്ദ്, സെക്രട്ടറി |
| 3-10 | 55,350 | രാജിക്കുട്ടി , ഹെഡ്മാസ്റ്റർ |
| 3-12 | 6,500 | പ്രമോദ് ആനന്ദ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രമോദ് ആനന്ദ് സദാനന്ദൻ, സെക്രട്ടറി | സെക്രട്ടറി, പേരയം ഗ്രാമ പഞ്ചായത്ത് | മെനാകം,മതിലിൽ, പി ഒ, കൊല്ലം |
| സുമേഷ്, വി ഇ ഒ | വി ഇ ഒ, പേരയം ഗ്രാമ പഞ്ചായത്ത് | മുളക്കൽ കിഴക്കതിൽ , സ്നേഹ നഗർ 220, ഉളിയകോവിൽ പി ഒ |
| രാജുക്കുട്ടി , ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, പേരയം ഗ്രാമ പഞ്ചായത്ത് | പൊന്നാലിക്കൽ ഹൗസ്, കുരീപ്പള്ളി, നെടുമ്പന.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 1998-99 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 1999-2000 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2000-01 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2001-02 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2002-03 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2003-04 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2004-05 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2005-06 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2006-07 | എൽ.എഫ്.ക്യൂ.പി.6/1309/2014തീയതി :20-06-14 |
| 2007-08 | എൽ.എഫ്.ക്യൂ.പി.6/1309/2014തീയതി :20-06-14 |
| 2008-09 | എൽ.എഫ്.ക്യൂ.പി.6/1309/2014തീയതി :20-06-14 |
| 2009-10 | എൽ.എഫ്.ക്യൂ.പി.6/1309/2014തീയതി :20-06-14 |
| 2010-11 | എൽ.എഫ്.ക്യൂ.പി.6/1309/2014തീയതി :20-06-14 |
| 2011-12 | എൽ.എഫ്.ക്യൂ.പി.6/822തീയതി :14-08-13 |
| 2012-13 | എൽ.എഫ്.ക്യൂ.പി.6/537/2014 തീയതി.08-05-14 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.എൽ.എം.പി 6/303/16 തീയതി. 19.02.2016 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി 6/1892/16<br>തീയതി 04-02-17 |
| 2016-2017 | കെ.എസ്.എ.കെ.എൽ.എം.പി 6/1116/17<br>തീയതി.- 15.06.2017 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ കാര്യാലയം, കൊല്ലം

## അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം 2017-2018

നം.കെ.എസ്.എ-കെ.എൽ.എം. പി.4/84/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
പഴയ മുനിസിപ്പൽ ബിൽഡിംഗ്,
ചിന്നക്കട, കൊല്ലം.
പിൻ - 691 001, Ph: 0474 – 2740141
E-mail: doklm.ksad@kerala.gov.in
തീയതി:18/3/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പേരയം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ല ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -2

## സംക്ഷിപ്തം (Audited Abstract)

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ല ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്